ദുരന്ത നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് വിദ്യാലയങ്ങളിൽ ബോധവൽക്കരണം

214 (T5104) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലാശയങ്ങളിൽപ്പെട്ട് മുങ്ങിമരണം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത്, സ്കൂൾ-കോളേജ് തലങ്ങളിൽ നീന്തൽ പരിശീലനം നിർബന്ധമാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുമോ ;

(ബി) അത്യാഹിതങ്ങളും ദുരന്തങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ദുരന്ത നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ച് കോളേജ്-സ്കൂൾ തലത്തിൽ എല്ലാ മാസവും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ടേക്ക് എ സ്പ്ലാഷ് (Take a Splash) എന്ന പദ്ധതി സ്കൂളുകളിൽ ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് ലഭ്യമായ ജല സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നീന്തലിൽ പ്രാഥമിക പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സ്പോർട്ട്സ് കൗൺസിൽ, ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഈ പദ്ധതി തുടർന്നു കൊണ്ടു പോകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ വർഷം മുതൽ +1-ന് അഡ്മിഷൻ നീന്തൽ അറിയാവുന്നവർക്ക് രണ്ട് ബോണസ് പോയിന്റ് നൽകിവരുന്നു.

(ബി) വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly